മിഷൻ 676-ലെ 5 കോടി രൂപയിൽ കൂടുതലുള്ള പദ്ധതികൾ

90 (1526) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തിയ 5 കോടി രൂപയിൽ കൂടുതൽ ചെലവുവരുന്ന എത്ര പദ്ധതികൾ ഉണ്ടെന്ന് വകുപ്പുതിരിച്ച് വിശദമാക്കാമോ ;

(ബി) 5 കോടി രൂപയിൽ താഴെ ചെലവുവരുന്ന എത്ര പദ്ധതികളുണ്ടെന്ന് വകുപ്പുതിരിച്ച് അറിയിക്കുമോ ;

(സി) മിഷൻ 676-ൽ ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പാൽ ഉല്പന്നവും ഉപഭോഗവും വില വർദ്ധനയും

91 (1527) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മിൽമ പാലിന് എത്ര തവണ എത്ര രൂപ വീതം വർദ്ധിപ്പിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് എത്ര പാൽ പ്രതിവർഷം ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് പ്രതിവർഷം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്തിന് വെളിയിൽനിന്ന് പ്രതിവർഷം എത്ര അളവിൽ പാൽ എത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമ പാലിന്റെ വില താഴെപ്പറയുംപ്രകാരം മൂന്ന് തവണ വർദ്ധിപ്പിക്കുകയുണ്ടായി :

LIBRARY ARCHIVES Kerala Legislative Assembly

15-9-2011 മുതൽ ലിറ്ററിന് 5 രൂപ

14-10-2012 മുതൽ ലിറ്ററിന് 5 രൂപ

21-7-2014 മുതൽ ലിറ്ററിന് 3 രൂപ

(ബി) സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് 2012-2013-ൽ 30.498 ലക്ഷം ടൺ പാലും 2013-14 വർഷം 31.78 ലക്ഷം ടൺ പാലും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് 2012-2013 വർഷം 27.91(28) ലക്ഷം ടൺ പാലും 2013-14 വർഷം 29.03 ലക്ഷം ടൺ പാലും ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും പ്രതിവർഷം 2.75 ലക്ഷം ടൺ പാൽ കേരളത്തിലേക്ക് വരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2013-14 വർഷം മിൽമ അയൽസംസ്ഥാനങ്ങളിൽനിന്നും 1225 ലക്ഷം ലിറ്റർ പാൽ കൊണ്ടുവന്നിട്ടുണ്ട്.

മിൽമയുടെ പാൽ സംഭരണം

92 (1528) ശ്രീ. രാജു. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്ഷീരകർഷകരിൽ നിന്നും മിൽമ, പാൽ സംഭരിക്കുമ്പോൾ വില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ; ഇത്തരത്തിൽ വില നിശ്ചയിക്കുകവഴി കർഷകർക്ക് അർഹമായ വില പാലിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മിൽമയുടെ, പാൽ സംഭരണ വില ചാർട്ടിൽ അപാകത ഉണ്ടെന്ന കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വില നിർണ്ണയത്തിൽ അപാകതകൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) പാൽ സംഭരണ വില ചാർട്ടിലും, വില നിർണ്ണയ രീതിയിലും ഉണ്ടായ പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) മിൽമ സംഭരിക്കുന്ന പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭരണസമിതിയാണ്. ക്ഷീരകർഷകർക്കുണ്ടാകുന്ന ഉല്പാദനച്ചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും

LIBRARY ARCHIVES Kerala Legislative Assembly